**POLICE** **DEPARTMENT**

**KERALA**

**No. E2-7212/2018/RC**
City Police Office,
Thrissur
cptsr.pol@kerala.gov.in
04872423511
Dated. 26-10-2018

## പുനർലേലപരസ്യം

തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും തൃശ്ശൂർ ഡിസ്ട്രിക്ട് ഹെഡ് ക്വാർട്ടേഴ്സിലെ മോട്ടോർ ട്രാൻസ്പോർട്ട് കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതും പോലീസ് ഡിപ്പാർട്ട്മെന്റിന് ഉപയോഗയോഗ്യമല്ലാത്തതുമായ ടയറുകൾ, ട്യൂബുകൾ, ഫ്ലാപ്പുകൾ, വേസ്റ്റ് ഓയിൽ, സ്പെയർ പാർട്ട്സുകൾ എന്നിവ 09/11/2018 തിയ്യതി പകൽ 11 മണിക്ക് പ്രസ്തുത കാര്യാലയത്തിൽവെച്ച് പരസ്യമായി ലേലം/ടെൻഡർ വഴി വിൽപ്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | ഇനം | നിരതദ്രവ്യം |
|---|---|---|
| 1. | ടയർ, ട്യൂബ്, ഫ്ലാപ്പ് | 4092/- രൂപ |
| 2. | വേസ്റ്റ് ഓയിൽ | 1600/- രൂപ |
| 3. | സ്പെയർ പാർട്ട്സ് | 800/- രൂപ |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കൃത്യസമയത്ത് ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് മേൽപ്പറഞ്ഞ ഇനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

ടി ഇനങ്ങൾ വാങ്ങാൻ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ 07/11/2018 തിയ്യതി വൈകുന്നേരം 4 മണിക്ക് മുമ്പായി തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കേണ്ടതാണ്. ദർഘാസിനൊപ്പം ഓരോ ഇനത്തിനും നിരതദ്രവ്യമായി മേൽപ്പറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ അടക്കം ചെയ്ത കവറിനുമുകളിൽ "ഉപയോഗശൂന്യമായ എം.ടി സ്റ്റോർസ് വാങ്ങാനുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതും ഓരോ ഇനത്തിനും ദർഘാസുകൾ പ്രത്യേക കവറുകളിൽ അയക്കേണ്ടതുമാണ്.

ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ടെൻഡറിലോ കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം/ടെൻഡർ സംഖ്യയുടെ പകുതി തുക (നിരതദ്രവ്യം കഴിച്ച്) ലേലം കൊണ്ടയാൾ ലേലസ്ഥലത്ത് വെച്ചുതന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം/ടെൻഡർ സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി തുകയും നിയമാനുസൃതമായ നികുതിയും അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

ലേലം കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും പുനർലേലം നടത്തുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയാകുന്നതും നഷ്ടപ്പെട്ട സംഖ്യ ടിയാനിൽ നിന്ന് ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതുമാണ്. പുനർലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ ആയതിന് ടിയാൻ അവകാശി ആയിരിക്കുന്നതല്ല. ലേലവസ്തുക്കൾ ലേലത്തിനു മുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണി വരെ തൃശ്ശൂർ ഡിസ്ട്രിക്ട് ഹെഡ് ക്വാർട്ടേഴ്സിലെ മോട്ടോർ ട്രാൻസ്പോർട്ട് കാര്യാലയത്തിൽ ഡെപ്യൂട്ടി കമാണ്ടന്റിന്റെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻപ്രകാരമുള്ള ലേലം മാറ്റിവയ്ക്കുന്നതിനോ ലേലം / ദർഘാസ് വിൽപ്പന അസാധുവാക്കുകയോ ചെയ്യാനുള്ള പൂർണ്ണ അധികാരം തൃശൂർ സിറ്റി ജില്ലാ പോലീസ്

[illegible] മേധാവിയിൽ നിക്ഷിപ്തമാണ്.

Yathish Chandra G H IPS
District Police Chief

| | | |
|---|---|---|
| To | : | സംസ്ഥാന പോലീസ് മേധാവി, അഡീഷണൽ ഡി.ജി.പി നോർത്ത് സോൺ, തൃശ്ശൂർ ഐ.ജി.പി എന്നിവർക്ക് ആമുഖകത്ത് സഹിതം. |
| Copy To | : | 1.എല്ലാ പോലീസ് മേധാവികൾക്കും/കമാണ്ടന്റുകൾക്കും ആവശ്യമായ പരസ്യം നൽകുന്നതിനായി 2.ഡെപ്യൂട്ടി കമാണ്ടൻറ്, അസി. കമാണ്ടൻറ്, എം.ടി.ഒ എന്നിവരുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി 3.തൃശ്ശൂർ സിറ്റിയിലെ എല്ലാ പോലീസ് ഓഫീസർമാർക്കും ആവശ്യമായ പരസ്യം നൽകുന്നതിനായി |

Internal Administrative Processing System
iAPS
KERALA POLICE